പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് കോംപ്ലക്സ്, തിരുവനന്തപുരം – 33
ഫോൺ : 0471 – 2320578, 2320379
Website: www.civilsupplieskerala.gov.in ✉: cru.ccs@kerala.gov.in

നം. CCS/5916/2025-D1 തീയതി:06-12-2025

## വിഷൻ - 2031 – സെമിനാർ റിപ്പോർട്ട്

## ഭക്ഷ്യ ഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേക്ക്

ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പിന്റെ ഭാവി വികസനം ലക്ഷ്യമിട്ട് നടത്തുന്ന വിഷൻ 2031ന്റെ സംസ്ഥാന തല സെമിനാർ 10.10.2025 ന് തിരുവനന്തപുരം കനകകുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10.00 മണി മുതൽ വൈകുന്നേരം 05.00 മണി വരെ സംഘടിപ്പിച്ചു. വിശദമായ കാര്യപരിപാടി നോട്ടീസ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.

താഴെ പറയുന്ന പ്രകാരമുള്ള കരട് നയരേഖയെ അടിസ്ഥാനമാക്കിയിട്ടുള്ള സെമിനാറാണ് വിഷൻ-2031മായി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പ് സംഘടിപ്പിച്ചിട്ടുള്ളത്.

### I. കരട് നയരേഖ

കേരളം ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത് പല ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്. നിരവധി ദശാബ്ദങ്ങളിലെ ഭരണപരവും സാമൂഹികവുമായ ഇടപെടലുകളിലൂടെ സാർവ്വത്രിക പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, സമ്പൂർണ്ണ സാക്ഷരത, ഉയർന്ന ആയുർദൈർഘ്യം, ജനസംഖ്യാ നിയന്ത്രണം തുടങ്ങിയ മികവുകളെല്ലാം നേടാനും നിലനിർത്താനും നമുക്ക് കഴിഞ്ഞു. പൊതുശുചിത്വം, അതിദാരിദ്ര്യ നിർമ്മാർജ്ജനം, വ്യവസായ സൗഹൃദം എന്നിങ്ങനെയുള്ള കാര്യങ്ങളിലും അടിസ്ഥാന സൗകര്യവികാസത്തിലും വിപ്ലവപരമായ കുതിച്ചുചാട്ടമാണ് സമീപകാലത്തുണ്ടായത്. കാര്യക്ഷമമായ പൊതുവിതരണ സംവിധാനത്തിലൂടെയും ഫലപ്രദമായ വിപണി ഇടപെടലിലൂടെയും ഭക്ഷ്യഭദ്രത ഉറപ്പുവരുത്താനും വിശപ്പുരഹിത കേരളം യാഥാർത്ഥ്യമാക്കാനും കഴിഞ്ഞത് ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട നേട്ടങ്ങളിൽ ഒന്നാണ്.

സാർവത്രിക റേഷനിംഗ് സംവിധാനത്തിലൂടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡുകൾ ഉറപ്പ് വരുത്തുകയും ആവശ്യമുള്ള എല്ലാവർക്കും പൊതുവിതരണ

സംവിധാനത്തിലൂടെ ഭക്ഷ്യധാന്യം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞകാല സർക്കാരുകളുടെ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 95,15,930 എണ്ണം റേഷൻ കാർഡുകളാണ് നിലവിലുള്ളത്. 5 വിഭാഗങ്ങളിലായി നൽകിയിട്ടുള്ള റേഷൻ കാർഡുകളുടെ വിവരങ്ങൾ ആയതിലുൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| കാർഡുകളുടെ വിഭാഗം | കാർഡുകളുടെ തരം | കാർഡുകളിലെ ഗുണഭോക്താക്കൾ |
|---|---|---|
| എ.എ.വൈ | 5,91,194 | 18,17,072 |
| പി.എച്ച്.എച്ച് | 36,52,230 | 1,27,63,660 |
| എൻ.പി.എസ് | 22,05,983 | 88,95,187 |
| എൻ.പി.എൻ.എസ് | 30,37,511 | 1,10,86,987 |
| എൻ.പി.ഐ | 29,012 | 29,012 |
| **ആകെ** | 95,15,930 | 3,45,91,918 |

1965 മുതൽ നിലനിന്ന സാർവ്വത്രിക സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് കേരളത്തിലെ ജനങ്ങൾക്ക് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിരുന്നു. എന്നാൽ ഉദാരവത്ക്കരണനയങ്ങളുടെ ഭാഗമായി സബ്സിഡികൾ അതീവ ദുർബല ജനവിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തപ്പെടുകയും ലക്ഷ്യാധിഷ്ഠിത പൊതുവിതരണം (Targetted PDS) ഏർപ്പെടുത്തുകയും ചെയ്തപ്പോൾ റേഷൻ ബി.പി.എൽ. വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുന്ന സ്ഥിതി സംജാതമായി. തുടർന്ന് 2013ലെ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നൽകുന്ന സൗജന്യ നിരക്കിലുള്ള ഭക്ഷ്യധാന്യം സംസ്ഥാനത്തെ 1,54,80040 ഗുണഭോക്താക്കൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമ പ്രകാരം 5,95,800 കുടുംബങ്ങൾക്ക് മാത്രമാണ് അതിദരിദ്രർക്ക് നൽകുന്ന എ.എ.വൈ കാർഡ് നൽകുവാൻ കഴിയുന്നത്. എന്നാൽ നിയമപ്രകാരമുള്ള റേഷന്റെ പരിധിയ്ക്ക് പുറത്തുപോയ മുൻഗണനേതര വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യ ലഭ്യതയുടെ പരിമിതിയ്ക്കകത്ത് നിന്നുകൊണ്ട് നിശ്ചിത അളവിൽ ഭക്ഷ്യധാന്യം ഉറപ്പുവരുത്തുന്നു. എൻ.എഫ്.എസ്.എ-യുടെ കീഴിൽ വരുന്ന ഭക്ഷ്യധാന്യങ്ങൾക്ക് ഉപരിയായി കിലോയ്ക്ക് 8 രൂപ 30 പൈസ നിരക്കിൽ ടൈഡ് ഓവർ ഇനത്തിൽ ലഭിക്കുന്ന ഭക്ഷ്യധാന്യമാണ് മുൻഗണനേതര വിഭാഗമായ നീല, വെള്ള റേഷൻകാർഡുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കായി നല്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നത്.

താഴെ പറയുന്ന പ്രകാരം ആണ് സംസ്ഥാനത്തിന് കേന്ദ്രപൂളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ അനുവദിച്ച് നൽകുന്നത്.

| Allocation Category | Monthly Quantity (in MT) | | | Central Issue Price / Kg (In Rs.) | |
|---|---|---|---|---|---|
| | Rice | Wheat | Total | Rice | Wheat |
| AAY | 17757.49 | 3095.475 | 20852.965 | Free of Cost | Free of Cost |
| Priority | 52073.178 | 12533.742 | 64606.92 | | |
| Tide Over | 33294.198 | 0 | 33294.198 | Rs 8.30 | --- |
| Grand Total | **103124.866** | **15629.217** | **118754.083** | | |

പൊതുവിതരണ സംവിധാനത്തിന് പുറമെ ശക്തവും വിപുലവുമായ ഒരു വിപണി ഇടപെടൽ ശൃംഖല സംസ്ഥാനത്ത് നിലവിലുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 1630 ൽ അധികം വില്പനശാലകളിലൂടെ അരിയുൾപ്പെടെയുള്ള 13 ഇന അവശ്യവസ്തുക്കൾ ഗണ്യമായ സബ്സിഡിയോടെ വിതരണം നടത്തി വരുന്നുണ്ട്. ഇതുകൂടാതെ മറ്റ് നിത്യോപയോഗവസ്തുക്കളും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നു. പൊതുവിതരണ സംവിധാനത്തിലൂടെയും സപ്ലൈകോ വഴിയുള്ള വിപണി ഇടപെടലിലൂടെയും അരി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴിയാണ് ഭക്ഷ്യഭദ്രത ഉറപ്പുവരുത്താനും വിശപ്പില്ലാത്ത ഒരു കേരളം സൃഷ്ടിക്കാനും കഴിഞ്ഞത്. എന്നിരുന്നാലും പോഷകസമൃദ്ധമായ ഒരു ശാസ്ത്രീയ ഭക്ഷണക്രമം കേരളത്തിലെ ജനങ്ങൾക്കും ഉറപ്പ് വരുത്തുന്നതിന് നമുക്ക് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്.

**<u>ഭക്ഷ്യഭദ്രത പോഷകാഹാരഭദ്രതയായി മാറേണ്ടതിന്റെ ആവശ്യം</u>**

അരി ആഹാരത്തിന്റെ കൂടുതലായുള്ള ഉപഭോഗം കാരണം കൂടുതൽ കലോറി ഉപയോഗിക്കുന്ന ഒരു ജനതയായി നാം മാറിയിട്ടുണ്ട്. എന്നാൽ ഭക്ഷണ വൈവിദ്ധ്യ വത്കരണത്തിൽ (dietary diversity) നാം ഇനിയും പുരോഗതി കൈവരിച്ചിട്ടില്ല. സൂക്ഷ്മ പോഷകങ്ങളുടെ കുറവ് കൊണ്ടാണ് വിളർച്ചയും വളർച്ചാ കുറവും കുട്ടികളിലും മുതിർന്നവരിലും ഉണ്ടാകുന്നത്. ഭക്ഷണക്രമത്തിലെ സൂക്ഷ്മ പോഷകങ്ങളുടെ അളവ് വർദ്ധിപ്പിച്ച് കൊണ്ട് വന്നു മാത്രമേ പോഷകാഹാരത്തിലെ കുറവ് പരിഹരിക്കുവാൻ കഴിയുകയുള്ളൂ.

പോഷക ആഹാരത്തിലെ കുറവ് പല ജില്ലകളിലും വ്യത്യസ്തമായാണ് പ്രതിഫലിച്ചിട്ടുള്ളത്. മലപ്പുറം, പാലക്കാട് ജില്ലകളിലും ഇടുക്കി ജില്ലകളിലെ ചില ഭാഗങ്ങളിലും പോഷക ആഹാര കുറവ് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ കൂടുതൽ പ്രകടമാണ്. ഒരു വശത്ത് അമിതഭാരം മൂലമുള്ള പ്രശ്നങ്ങൾ വർദ്ധിക്കുമ്പോൾ മറ്റൊരു വിഭാഗം ജനങ്ങളിൽ പോഷക ആഹാരത്തിന്റെ കുറവ് പ്രതിഫലിക്കുന്നുണ്ട്. രാഷ്ട്രീയവും സാമൂഹികവുമായ പ്രാധാന്യം പോഷകഭദ്രതയ്ക്ക് നൽകാത്തപക്ഷം വരുംനാളുകളിൽ ആരോഗ്യ അസംതുലിതാവസ്ഥ വർദ്ധിക്കുമെന്നത് തള്ളിക്കളയാനാകില്ല.

നിലവിൽ ശിശുമരണവും പോഷകാഹാരക്കുറവും മിക്കവാറും പരിഹരിക്കപ്പെട്ട് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും കാലാവസ്ഥാവ്യതിയാനങ്ങളും വർദ്ധിക്കുന്ന ജനസാന്ദ്രതയും സാമൂഹികമായ അസമത്വവും ഭൂമിശാസ്ത്രപരമായ സംഘർഷങ്ങളും അടക്കം ബാഹ്യവും പ്രവചനാതീതവുമായ ഘടകങ്ങൾ എപ്രകാരമാണ് മേൽ വിഷയങ്ങളെ ആനുപാതികമായി സ്വാധീനിക്കുക എന്നതും പഠന വിഷയമാക്കേണ്ടതുണ്ട്.

<u>ഭാവി വികസന പദ്ധതികൾ എന്ന നിലയിൽ സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികൾ</u>

1. **<u>പ്രായാധിഷ്ഠിത ഭക്ഷണക്രമം</u> – പദ്ധതി രൂപീകരിക്കൽ**

വിവിധ പ്രായവിഭാഗങ്ങൾക്ക് അവരുടെ പ്രത്യേകമായ dietry needs കൂടി പരിഗണിക്കുകയും സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഉച്ചഭക്ഷണ പദ്ധതി പോഷക സമൃദ്ധമാക്കുകയും ചെയ്യും. പാല്, മുട്ട ഇറച്ചി, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തി പോഷകഭദ്രത ഉറപ്പാക്കുന്ന ലൈഫ് സൈക്കിൾ അപ്രോച്ചിലേക്ക് വിദ്യാർത്ഥി സമൂഹത്തെ സജ്ജരാക്കും.

2. **<u>ഭക്ഷണത്തിലെ വൈവിധ്യവൽക്കരണത്തിലൂടെയുള്ള പോഷക ഭദ്രത</u>** ആദിവാസി വിഭാഗങ്ങൾ, ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ മുതിർന്ന പൗരന്മാർ, മത്സ്യബന്ധന തൊഴിലാളികൾ എന്നിങ്ങനെ വിവിധ ജനവിഭാഗങ്ങൾക്ക് ആവശ്യമുള്ള വ്യത്യസ്ത ആഹാരക്രമങ്ങൾക്കും പോഷകാ വശ്യങ്ങൾക്കും ഉതകുന്ന വിധം പോഷകാഹാരം നയം സർക്കാർ രൂപീകരിച്ച് നടപ്പിൽ വരുത്തും.

<u>സുഭിക്ഷ ഹോട്ടലുകൾ അടുത്തഘട്ടത്തിലേക്ക്</u>

'വിശപ്പ രഹിത കേരളം' പദ്ധതിയുടെ ഭാഗമായാണ് സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചത്. പദ്ധതി വികസനം എന്ന നിലയിൽ 'പാകം ചെയ്ത ഭക്ഷണം' സൗജന്യമായും ആവശ്യമെങ്കിൽ അർഹരായവരെ കണ്ടെത്തി താമസസ്ഥലത്ത് വിതരണം ചെയ്യാൻ സാധിക്കുന്ന തരത്തിലും സുഭിക്ഷാ ഹോട്ടലുകളുടെ വിപുലീകരണം സാധ്യമാക്കും. ഇപ്രകാരമുള്ള "ഭക്ഷണപ്പൊതികൾ" അരി ആഹാരം മാത്രമായി പരിമിതപ്പെടുത്താതെ കൂടുതൽ ആരോഗ്യപ്രദമാക്കിയും "ഭക്ഷണം അവകാശമാണ്" എന്നതിൽ നിന്നും "പോഷകാഹാരം അവകാശമാണ്" എന്ന തലത്തിലേക്ക് ഉയർത്തിയും പദ്ധതിയെ അർത്ഥസമ്പുഷ്ടമാക്കും.

<u>കൂട്ടുക്കളകൾ (Community Kitchens)</u>

ജീവിതത്തിന്റെ സായാഹ്നങ്ങളിൽ ഒറ്റപ്പെട്ടു പോകുന്നവർക്കുൾപ്പെടെ തിരക്കുപിടിച്ച ജീവിതത്തിൽ ഭക്ഷണം ചെലവ് കുറച്ചും പോഷകസമൃദ്ധമായും വൃത്തിയുള്ള സാഹചര്യത്തിലും തയ്യാറാക്കി വിതരണം ചെയ്യുവാൻ കൂട്ടടുക്കളകൾ വഴി കഴിയും. ജങ്ക്ഫുഡ് സംസ്കാരത്തിൽ നിന്നും മാറി ആരോഗ്യകരമായ

ഒരു സമൂഹം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിലും കൂട്ടുക്കളകൾക്ക് കാതലായ പങ്കുവഹിക്കുവാൻ കഴിയും. സാമൂഹ്യബന്ധങ്ങളുടെ കെട്ടുറപ്പിന് ഉതകുന്ന വിധത്തിലും സ്ത്രീശക്തികരണ – സൗഹൃദ കേന്ദ്രങ്ങൾ എന്ന നിലയിലും കൂട്ടുക്കളകൾ പ്രോത്സാഹിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകത കൂടിയാണ്.

**റേഷൻകടകളിൽ നിന്നും കെ-സ്റ്റോറുകളിലേക്ക്**

എല്ലാ റേഷൻ കടകളും കെ-സ്റ്റോറുകൾ ആക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ചെറുധാന്യങ്ങൾ (Millets), പ്രാദേശികമായി കൃഷി ചെയ്ത് സംഭരിക്കുന്ന ധാന്യവിഭവങ്ങൾ എന്നിവയുടെ ഉത്പാദനം, സംഭരണം, വിതരണം എന്നിവ പോഷക ഭദ്രതയിലേക്കുള്ള ദൂരം കുറയ്ക്കും എന്നതിനാൽ റേഷൻ കടകൾ ചെറുധാന്യങ്ങളുടെ വിതരണ ശൃംഖലയിലെ ശക്തമായ കണ്ണികളായി വർത്തിക്കും.

**കാലാവസ്ഥാനുസൃതമായ ധാന്യസംഭരണവും വിതരണവും**

സീസണലായി ഉല്പാദിപ്പിക്കപ്പെടുന്ന ധാന്യങ്ങൾ കൂടുതലായി സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നതിനായി ശാസ്ത്രീയമായി ഗോഡൗണുകൾ സജ്ജീകരിക്കും. മിതമായ നിരക്കിൽ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാനും വിതരണം ചെയ്യുവാനും ഇതിലൂടെ കഴിയും.

രുചിഭേദങ്ങളുടെ തെരഞ്ഞെടുപ്പുകളും പോഷകാഹാരക്രമവും സമാന്തരമായി ജീവിതശൈലി ആക്കുക എന്നത് തീർച്ചയായും ശ്രമകരമാണ്. എന്നാൽ തുടർച്ചയായ ഉപഭോക്തൃ ബോധവത്ക്കരണത്തോടൊപ്പം പോഷകഭദ്രമായ ഭക്ഷണശൈലി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഉൾപ്പെടുത്തി 2031-ഓടെ '***ഭക്ഷ്യഭദ്രതയിൽ നിന്നും പോഷകഭദ്രതയിലേക്ക് എന്ന ലക്ഷ്യം***' കൈവരിക്കുവാൻ പരിശ്രമിക്കാം. അതിലൂടെ *നമുക്ക് ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുക* എന്നതാണ് വകുപ്പ് വിഭാവനം ചെയ്യുന്ന ഭാവി വികസന ലക്ഷ്യം.

**കേരളത്തിലെ പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവൽക്കരണം**

സാങ്കേതികവിദ്യയുടെ പുരോഗതിക്കനുസൃതമായി പൊതുവിതരണ രംഗത്ത് കാലങ്ങളായി ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ്വെയർ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ച് ലളിതമാക്കേണ്ടത് അനിവാര്യതയായിരിക്കുന്നു. അതുവഴി കാര്യക്ഷമത മെച്ചപ്പെടുത്തുകയും ആയാസരഹിതമായി പൊതുവിതരണ സംവിധാനം നിയന്ത്രിക്കുവാനും വകുപ്പിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ NIC-യുമായി സഹകരിച്ച് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന FPS Inspection App പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഫീൽഡ് തലത്തിലെ നിരീക്ഷണവും നിയന്ത്രണവും കൂടുതൽ ശക്തിപ്പെടുത്തുവാൻ സാധിക്കുകയും ചെയ്യും. സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളേയും കെ-

സ്റ്റോറുകളായി പരിവർത്തിപ്പിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള ഭക്ഷ്യധാന്യ സംഭരണം, വിതരണം എന്നിവ ഉറപ്പുവരുത്തി ഉപഭോക്തൃ സേവനം പുതിയ തലത്തിലേക്കുയർത്തുവാനും വകുപ്പ് ലക്ഷ്യമിടുന്നു.

**<u>പൊതുവിതരണ രംഗത്ത് നൂതന സാങ്കേതിക വിദ്യയുടെ ഭാവി സാധ്യതകൾ :</u>**

ഏറ്റവും നൂതന സാങ്കേതിക വിദ്യയായ എഐ (AI) ഉപയോഗിച്ചുള്ള പ്രവചനാത്മക ലോജിസ്റ്റിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) എഞ്ചിൻ സ്മാർട്ട് പിഡിഎസ് പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുക വഴി ഗുണഭോക്താക്കളുടെ ഉപഭോഗരീതികൾ, സീസൺ ഘടകങ്ങൾ, ഗോഡൗണുകളിലെ തത്സമയ സ്റ്റോക്ക് നില എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഈ സംവിധാനത്തിലൂടെ ചരക്കുനീക്കത്തിന്റെ (ഭക്ഷ്യധാന്യങ്ങളുടെ നീക്കം) ഡൈനാമിക് റൂട്ടിംഗും ഓട്ടോമേറ്റഡ് വിതരണവും സാധ്യമാകുന്നതും, അതുവഴി ചരക്കുഗതാഗത സമയം കുറയ്ക്കാനും, പ്രത്യേകിച്ച് വിദൂര പ്രദേശങ്ങളിൽ, സ്റ്റോറേജിലെ നാശനഷ്ടങ്ങൾ കുറയ്ക്കാനും സാധിക്കും.

ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സുരക്ഷിതമാക്കിയ വിതരണ ശൃംഖല സംഭരണത്തിന്റെ പ്രാരംഭഘട്ടം മുതൽ റേഷൻ കടകളിലെ വിതരണം വരെയുള്ള ഘട്ടങ്ങൾ പൂർണമായും വകുപ്പിന്റെ നിരീക്ഷണത്തിലാക്കുന്നതിന് സഹായകരമാകും. ടി സംവിധാനത്തിലൂടെ പൊതുവിതരണ സംവിധാനം പൂർണമായും ഓഡിറ്റിങ് പരിധിയിലേക്ക് കൊണ്ടുവരുന്നതിനും ഗുണനിലവാര പരിശോധനകൾ, ഡെലിവറി സമയം, സാമ്പത്തിക ഇടപാടുകൾ എന്നിവ തത്സമയം നിരീക്ഷിക്കുന്നതിനും സാധിക്കും. ഇത് പൊതുവിതരണ സംവിധാനത്തിലുള്ള പൊതുജനങ്ങളുടെ വിശ്വാസം ഗണ്യമായി വർധിപ്പിക്കുകയും ചെയ്യും.

റേഷൻ കടകളിൽ നിലവിലുള്ള ബയോമെട്രിക് ഓതേന്തിക്കേഷൻ സംവിധാനത്തിന് പുറമെ നൂതനമായ **ഫേഷ്യൽ റെക്കഗ്നിഷൻ/ഐറിസ് സ്കാനറുകൾ** എന്നിവ കൂടി ഉപയോഗപ്പെടുത്തി റേഷൻ കാർഡോ ആധാർ കാർഡോ ലഭ്യമല്ലാത്ത സാഹചര്യങ്ങളിലും ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞു റേഷൻ വിഹിതത്തിന്റെ വിതരണം മുടക്കമില്ലാതെ നടത്തുന്നതാണ്. അതുവഴി ഇടപാടുകൾ വേഗത്തിലാക്കുകയും ക്രമക്കേടുകൾ തടയുകയും ചെയ്യും.

വിവിധ സെൻസറുകൾ സംഭരണ ഗോഡൗണുകളിലും ചരക്ക് വാഹനങ്ങളിലും സ്ഥാപിക്കുക വഴി താപനില, ഈർപ്പം, കീടങ്ങളുടെ സാന്നിധ്യം തുടങ്ങിയവ നിരീക്ഷിച്ച് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാധിക്കും. സംഭരണ സാഹചര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിക്കുമ്പോൾ, ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ അറിയിക്കുന്നതിന് സിസ്റ്റം ഉടനടി ഓട്ടോമേറ്റഡ് അലേർട്ടുകൾ നൽകുകയും, ഇതുവഴി ഭക്ഷ്യധാന്യങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നതിന് മുൻപ് തന്നെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു.

**<u>ഉപഭോക്തൃ മേഖല - ചൂഷണ മുക്തം , സംതൃപ്തം</u>**

ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ രാജ്യത്ത് ഏറ്റവും മികച്ച നിലയിൽ നടക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ വ്യവഹാരസംബന്ധമായ നൂലാമാലകളും കാലതാമസവും ഒട്ടേറെ ഉപഭോക്താക്കളെ തങ്ങളുടെ അവകാശങ്ങൾക്കായി മുന്നോട്ടുവരുന്നതിൽ നിന്ന് തടയുന്നുണ്ട്. ഈ അവസ്ഥയെ മറികടക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. സംസ്ഥാന തലത്തിൽ ഒരു ഉപഭോക്തൃ അവകാശ നിയമം അനിവാര്യമാണ്. സർക്കാരിന്റെ ഒരു എക്സിക്യൂട്ടീവ് സംവിധാനത്തിലൂടെ ഉപഭോക്തൃ ചൂഷണങ്ങളിൽ ഇടപെടുന്നതിന് അന്വേഷിച്ച് ആവശ്യമായ സംവിധാനം നിലവിൽ വരേണ്ടത് അനിവാര്യമാണെന്ന് കാണുന്നു. പ്രത്യേകിച്ച് ഉപഭോക്തൃ കാര്യങ്ങളിൽ ഏറെ മുന്നോട്ട് പോയിട്ടുള്ള രാജ്യങ്ങളിലൊക്കെ എക്സിക്യൂട്ടീവ് വഴി പരാതി അന്വേഷിച്ച് കുറ്റമുണ്ടെങ്കിൽ ഉടൻ പിഴ ചുമത്തുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇത് മൂലം ഉപഭോക്തൃ പരാതികൾക്ക് പെട്ടെന്ന് നടപടി ഉണ്ടാകുകയും ഇവിടങ്ങളിൽ ചൂഷണം ഉണ്ടാകുന്ന സാഹചര്യം പൊതുവേ കുറവുള്ളതായിട്ടുമാണ് കണ്ടുവരുന്നത്. ആയതിനാൽ ഉപഭോക്താവിന്റെ ഉത്തമ താൽപര്യം സംരക്ഷിക്കുന്നതിന് വേണ്ടി കൺസ്യൂമർ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥയും നിയമത്തിൽ ഉൾപ്പെടുത്തും.

**<u>ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനുകൾ സമ്പൂർണ്ണമായും ഓൺലൈൻ ആക്കും</u>**

കേസ് ഫയലിംഗ്, ഹിയറിംഗ്, വിധിപകർപ്പ് ലഭ്യമാക്കൽ തുടങ്ങി എല്ലാ തലത്തിലുംസമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം CDRC കളിൽ നടപ്പിൽവരുത്തും.

**<u>സപ്ലൈകോ</u>**

എല്ലാ ഡിപ്പോ ഗോഡൗണുകളും ശാസ്ത്രീയ ഗോഡൗണുകളാക്കി മാറ്റും. കോൾഡ് സ്റ്റോറേജ് സംവിധാനം ഉൾപ്പെടെ ആധുനികരീതിയിലുള്ള സംഭരണ പരിപാലന കേന്ദ്രങ്ങൾ സജ്ജീകരിക്കും. ഇതുവഴി perishable commodities ഉൾപ്പെടെയുള്ളവ സീസണുകളിൽ കുറഞ്ഞ വിലയ്ക്ക് സംഭരിച്ച് സൂക്ഷിച്ച് വിലവർദ്ധനവില്ലാതെ ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കും. ഇത് പൊതുജനങ്ങൾക്കും കർഷകർക്കും ഒരു പോലെ ഗുണകരമാണ്. വരുമാനപരിധിയുടെ അടിസ്ഥാനത്തിൽ ഒരു കുടുംബത്തിന് ആവശ്യമായ മുഴുവൻ നിത്യോപയോഗവസ്തുക്കളും യുക്തിസഹമായ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

**<u>ലീഗൽമെട്രോളജി</u>**

വിവിധ നിയമങ്ങളുടെ എൻഫോഴ്സ്മെന്റ് നടപടികളോട് വിപരീത മാനസികാവസ്ഥയാണ് പൊതുവിൽ വ്യാപാരി-വ്യവസായി സമൂഹം വച്ചുപുലർത്തുന്നത്. നിയമങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കുന്നതോടൊപ്പം വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ്

സർക്കാർനയം. അളവു തൂക്ക നിയമങ്ങൾ വ്യാപാരി-വ്യവസായി സമൂഹത്തിന് അസൗകര്യമാവാത്ത വിധത്തിലും അനായാസം പാലിക്കാൻ കഴിയുന്ന വിധത്തിലും നടപ്പിലാക്കാൻ കഴിയുന്ന വിധത്തിലും ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കും.

II. <u>സെമിനാർ നടപടി കുറിപ്പിന്റെ സംക്ഷിപ്ത രൂപം</u>

സെമിനാറിൽ അദ്ധ്യക്ഷത വഹിച്ച **ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ശ്രീ.ജി.ആർ.അനിൽ** വിഷൻ 2031ന്റെ അദ്ധ്യക്ഷ പ്രസംഗം നടത്തി. തുടർന്ന് കരട് നയരേഖയുടെ പ്രധാനപ്പെട്ട ഭാഗങ്ങൾ അദ്ധ്യക്ഷ പ്രസംഗത്തിൽ ഉൾപ്പെടുത്തി അവതരിപ്പിച്ചു. കാര്യക്ഷമമായ പൊതുവിതരണ സംവിധാനവും ഫലപ്രദമായ വിപണി ഇടപെടലുമാണ് വകുപ്പ് നടത്തിയതെന്നും ഒരാളും പട്ടിണി കിടക്കാത്ത കേരളം സൃഷ്ടിക്കാൻ കഴിഞ്ഞത് അഭിമാനകരം ആണെന്നും സൂചിപ്പിച്ചു. പൊതുവിതരണ സമ്പ്രദായത്തിന്റെ നിലവിലെ സ്ഥിതി, റേഷൻ കാർഡ് വിഭാഗങ്ങളും ഉപഭോക്താക്കളുടെ എണ്ണവും, വകുപ്പിന്റെ വിപണിയിലുള്ള ഇടപെടൽ, ഭക്ഷ്യഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേയ്ക്ക് എന്ന ലക്ഷ്യത്തിലേയ്ക്ക് വകുപ്പ് മാറേണ്ടതിന്റെ അനിവാര്യതയും, പോഷകാഹാര കുറവും, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ചും അദ്ദേഹം സംസാരിച്ചു. വിഷൻ 2031മായി ബന്ധപ്പെട്ട് വകുപ്പിന്റെ ഭാവി വികസന പദ്ധതി ലക്ഷ്യമിടുന്നത് എന്താണെന്നും, സുഭിക്ഷാ ഹോട്ടലുകൾ സംസ്ഥാനത്ത് നടപ്പിലാക്കിയതിനെ കുറിച്ചും പൊതുവിതരണ സമ്പ്രദായത്തിന്റെ ആധുനികവൽക്കരണം, നിലവിലെ നൂതന സാങ്കേതിക വിദ്യകൾ എപ്രകാരം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായി പ്രയോജനപ്പെടുത്താം എന്നും വിശദീകരിക്കുകയുണ്ടായി. ഉപഭോക്തൃസംരക്ഷണം, എൻഫോഴ്സ്മെന്റ് സംവിധാനം, സപ്ലൈകോ, ലീഗൽമെട്രോളജി എന്നീ വകുപ്പുകളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു.

തുടർന്ന് ബഹു.**ധനകാര്യ വകുപ്പ് മന്ത്രി ശ്രീ കെ.എൻ.ബാലഗോപാൽ** സെമിനാർ ഭദ്രദീപം കൊളുത്തി ഉത്ഘാടനം നിർവ്വഹിക്കുകയും ഉദ്ഘാടന പ്രസംഗം നടത്തുകയും ചെയ്തു. കഴിഞ്ഞ ഓണ വിപണിയിൽ ഒരു സാധനത്തിനും ഉൽപ്പാദന വിലവർദ്ധന ഉണ്ടായിട്ടില്ല എന്നും അത്രയേറെ ശക്തമായ വിപണി ഇടപെടലാണ് സർക്കാരിന്റെ നേതൃത്വത്തിൽ സപ്ലൈകോയും കൺസ്യൂമർ ഫെഡും അടക്കമുള്ള ഏജൻസികൾ നടത്തിയത് എന്നും സൂചിപ്പിച്ചു. ഒരു ഉപഭോക്തൃ സംസ്ഥാനം ആയിട്ടും കേരളത്തിന് വിലക്കയറ്റം വലിയതോതിൽ നിയന്ത്രിക്കാൻ കഴിഞ്ഞത് സർക്കാരിന്റെ ബഡ്ജറ്റ് സപ്പോർട്ട് ഉറപ്പാക്കിയത് കൊണ്ടാണ്. സപ്ലൈകോയിലും കൺസ്യൂമർഫെഡിലും 13 ഇനം അവശ്യവസ്തുക്കൾ വില അൽപ്പം പോലും വർദ്ധിപ്പിക്കാതെ പിന്നീടുള്ള ഏഴു വർഷവും തുടർന്നു വന്നു എന്നും, 8 വർഷത്തിനു ശേഷം മാത്രമാണ് കാലോചിതമായ ചെറിയ വില വർദ്ധനവ്

പരിഗണിക്കേണ്ടി വന്നത് എന്നും അഭിപ്രായപ്പെട്ടു. ഒരു ഗവൺമെന്റ് എന്ന നിലയിൽ അടുത്ത 5 വർഷത്തേയ്ക്ക് ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി കൃത്യമായി ചർച്ച നടത്തി ഒരു പദ്ധതിയുണ്ടാക്കാൻ വേണ്ടിയാണ് ഈ സെമിനാർ നടത്തുന്നതെന്നും അറിയിച്ചു.

കഴിഞ്ഞ 9 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന പ്രവർത്തന റിപ്പോർട്ട് ബഹുമാനപ്പെട്ട ഭക്ഷ്യ **പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് സെക്രട്ടറി ശ്രീ എം.ജി രാജമാണിക്യം** അവതരിപ്പിച്ചു. സഞ്ചരിക്കുന്ന റേഷൻ കടകൾ, ഇ-പോസ് മെഷീൻ, വിശപ്പ് രഹിത കേരളം, ഇ-റേഷൻ കാർഡ് പദ്ധതി, കെ-സ്റ്റോർ, സ്മാർട്ട് പിഡിഎസ്, വിവിധ തരം റേഷൻ കാർഡുകൾ, ഭക്ഷ്യ കമ്മീഷൻ, End to End Computarisation, Proxy സംവിധാനം, പോർട്ടബിലിറ്റി സംവിധാനം, പുതിയ റേഷൻ കാർഡുകൾ അനുവദിച്ചത്, Aadhar Seeding, വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ, റേഷൻ കടകളുടെ നവീകരണം, വൈവിധ്യവൽക്കരണം, ഡയറക്ട് മാർക്കറ്റ് സെല്ലിംഗ്, വിവിധ സാങ്കേതികവിദ്യ, വിപുലമായ ബോധവൽക്കരണ പരിപാടികൾ, സപ്ലൈകോയുടെ പൊതുവിപണി ഇടപെടൽ, ലീഗൽ മെട്രോളജി വകുപ്പിന്റെ നേട്ടങ്ങൾ എന്നിവയെ കുറിച്ച് എല്ലാം അദ്ദേഹം വിശദമായ റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി.

**ആഗോള ഭക്ഷ്യഭദ്രത ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം** എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി നടന്ന സെമിനാറിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ ചെയർമാൻ ശ്രീ. കെ.എം.ഹരിലാൽ, പ്രൊഫസർ ശ്രീമതി ഋതിക.എസ്.ഖേര, (ഐ.ഐ.റ്റി. ഡൽഹി), ആസൂത്രണ ബോർഡ് അംഗം ഡോ. രവി രാമൻ എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

1. **ശ്രീ. കെ.എം. ഹരിലാൽ, സംസ്ഥാന ധനകാര്യ കമ്മീഷൻ ചെയർമാൻ**

ഡെവലപ്മെന്റ് സ്റ്റഡീസ് പഠനം/റിസർച്ച് നടത്തുന്ന ലോകത്തുള്ള എല്ലാ സർവ്വകലാശാലകളിലും കേരള മോഡൽ ഡവലപ്മെന്റ് പഠന വിഷയമാകാറുണ്ട്. അതിനുള്ള പ്രധാന കാരണം കേരളത്തിന്റെ സവിശേഷമായ വികസന അന്തരീക്ഷമാണ്. ഐക്യകേരളം രൂപപ്പെട്ടത് മുതൽ കേരളം ഡെവലപ്മെന്റിൽ വളരെയധികം പിന്നോക്കാവസ്ഥയിലായിരുന്നു. എങ്കിലും ഭൂപരിഷ്കരണം, വിദ്യാഭ്യാസരംഗത്തും, ആരോഗ്യസംരക്ഷണ മേഖലയിലുള്ള വളർച്ച, മെച്ചപ്പെട്ട കൂലി നിലവാരം തുടങ്ങിയവ കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും കേരളത്തിൽ വികസനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണം മെച്ചപ്പെട്ട ജീവിത നിലവാരം ഉയർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ നിർണ്ണായ പങ്ക് വഹിക്കുന്നു. ഭക്ഷ്യസാധനങ്ങളും സേവനങ്ങളും കേരളത്തിലെ സാധാരണ ജനങ്ങൾക്ക്

താങ്ങാനാകുന്ന വിലയിൽ ലഭ്യമാക്കുന്നു. ഇത് കേരള വികസന മാതൃകയുടെ രൂപീകരണത്തിലെ ഏറ്റവും നിർണ്ണായക ഘടകം ആണ്. ഭക്ഷ്യ വിതരണ മേഖലയിൽ പുതിയ സമ്പ്രദായങ്ങൾ നിലവിൽ വന്നത് പ്രശംസനീയമാണ്.

സർക്കാർ അർഹരായവർക്ക് സബ്സിഡി കൊടുത്ത് നിത്യോപയോഗ സാധനങ്ങൾ നല്കിയാൽ മാത്രം പോരാ, സാങ്കേതിക വിദ്യ ഉപയോഗിച്ച് കാലക്രമത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തനം നടത്തേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായത്തിനായി ചിലവാക്കുന്ന ഓരോ തുകയും efficient ആയി ചിലവഴിക്കണമെന്ന് പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നല്ല ധാരണ ഉണ്ടാവണം. ഭക്ഷ്യ പൊതുവിതരണ വകുപ്പിന് വേണ്ടി സാധനങ്ങൾ വാങ്ങുന്നതിനും, സംഭരിക്കുന്നതിനും, ലോജിസ്റ്റിക്സ് പ്രവർത്തനം നടത്തുന്നതും സാധനങ്ങളെകുറിച്ച് ശരിയായ രീതിയിൽ പഠനം നടത്തി ധാരണ വന്നതിന് ശേഷം മാത്രം ആയിരിക്കണം. Purchase, logistics എന്നീ കാര്യങ്ങളിൽ സർക്കാർ പരിഷ്കാരങ്ങൾ നടത്തുകയും അത്യാവശ്യ കാര്യങ്ങളിൽ ആവശ്യമായ നിക്ഷേപങ്ങൾ നടത്തിയാൽ മാത്രമേ കാര്യക്ഷമത കൂട്ടാൻ സാധിക്കുകയുള്ളൂ.

2. **ശ്രീമതി.ഋതിക എസ്. ഖേര (ഐ.ഐ.റ്റി. ഡൽഹി)**

Multi Dimentional Poverty Index എടുത്താൽ കേരളം ആണ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും മുന്നിൽ നിൽക്കുന്നതെന്നും, കേരളത്തിലെ ശിശുമരണ നിരക്ക് ആയിരത്തിന് 4.4 ആണെന്നും ഇന്ത്യയിൽ ആയിരത്തിന് 26 ആണെന്നും കേരളത്തിലെ ശിശുമരണ നിരക്ക് വികസിത രാജ്യങ്ങളായ നോർവെ, സ്വീഡൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളുടേതിന് സമാനമാണെന്നും അമേരിക്കയുടെ മുന്നിലാണെന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പറഞ്ഞു. പോഷകാഹാര കുറവ് മൂലമുള്ള കുട്ടികളിലെ വളർച്ചാ മുരടിപ്പ് മറ്റൊരു പ്രധാന വിഷയമാണ്. ഇന്ത്യയിലെ ശരാശരി കണക്ക് എടുത്താൽ കേരളത്തിൽ 5 വയസിന് താഴെ വളർച്ചാ മുരടിപ്പ് ഉള്ള കുട്ടികൾ നാലിലൊന്നാണെന്നും ഇന്ത്യയിൽ മൂന്നിലൊന്നാണെന്നും അനീമിക് ആയ കുട്ടികൾ 40% ആണെന്നും കൂട്ടിച്ചേർത്തു. എന്നാൽ കേരളം പോലുള്ള ഒരു സംസ്ഥാനത്തിൽ നിന്നും ഇത് പ്രതീക്ഷിക്കുന്നില്ല എന്നും കേരളത്തിൽ കഴിക്കാൻ ധാരാളം ഭക്ഷണ സാധനങ്ങൾ ലഭ്യമാണെന്നും എന്നാൽ 3 വയസിൽ താഴെയുള്ള കുട്ടികളിൽ പോഷകാഹാരകുറവ് കാണപ്പെടുന്നത് സംബന്ധിച്ച വിഷയത്തിൽ കേരളം നയപരമായ തീരുമാനമെടുത്ത് കൂടുതൽ ശ്രദ്ധയും മുൻഗണനയും നൽകണമെന്നും അഭിപ്രായപ്പെട്ടു.

കേരളത്തിൽ Food and nutrition security എന്നത് ഒരു വകുപ്പ് മാത്രം ഏറ്റെടുത്ത് നടത്തേണ്ടതല്ല എന്നും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്ന ICDS പോലെയുള്ള

വകുപ്പുമായി ചേർന്ന് ഒരു ഏകീകൃത സംവിധാനം ആണ് രൂപപ്പെടുത്തേണ്ടത് എന്നും അംഗനവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരമുള്ള ഭക്ഷണങ്ങൾ ലഭ്യമാക്കണമെന്നും അവയുടെ പ്രവർത്തനം മെച്ചപ്പെട്ടതാക്കാൻ കേരളത്തിന് കഴിയുമെന്നും അഭിപ്രായപ്പെട്ടു. കൂടാതെ അംഗനവാടികളിൽ നിന്നും സേവനം ലഭിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടെയും കണക്ക് എടുത്താൽ കേരളം 57 % ആണെന്നും ഇത് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുടെ ശരാശരിയേക്കാൾ കുറവാണെന്നും കേരളം ഈ വിഷയത്തിൽ താഴ്ന്ന പ്രകടനം നടത്തുന്നത് ആശ്ചര്യാജനകമാണെന്നും അഭിപ്രായപ്പെട്ടു. ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു.

Food Security Act പ്രകാരം സ്ത്രീകൾക്ക് 6000/- രൂപയാണ് ലഭിക്കുന്നത്. ഇത് വളരെ ചെറിയ തുക ആണെന്നും തമിഴ്നാട് സർക്കാർ 1987 മുതൽ നടപ്പിലാക്കിയ സ്കീമിൽ 18,000/- രൂപയാണ് ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നൽകുന്നത് എന്നും ഒഡീഷ സംസ്ഥാനം ഇത്തരത്തിൽ 10,000/- രൂപ വീതം നൽകുന്നുണ്ടെന്നും കേരളത്തിന് ഇതിൽ കൂടുതൽ ചെയ്യാൻ കഴിയും എന്നും സൂചിപ്പിച്ചു.

കേരളത്തിൽ Health, Women and Children, Food & Civil Supplies, Social Justice, Education എന്നീ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം കാഴ്ചവച്ചാൽ അടുത്ത രണ്ട് വർഷത്തിനുള്ളിൽ കുട്ടികളുടെ വിളർച്ചാ മുരടിപ്പിൽ ഇന്ത്യൻ ശരാശരിയെക്കാൾ കുറവ് ശരാശരി കേരളത്തിന് നേടാൻ കഴിയും എന്നും നിർദ്ദേശിച്ച് കൊണ്ട് പ്രഭാഷണം അവസാനിപ്പിച്ചു.

**ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ.ജി.ആർ.അനിൽ വിഷൻ 2031 മായി ബന്ധപ്പെട്ട നയരേഖ അവതരിപ്പിച്ചു. കരട് നയരേഖയിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി വിശദീകരിച്ചു.**

3. **ശ്രീ. കെ.രഘുരാമൻ (പ്ലാനിംഗ് ബോർഡ് അംഗം)**

ഭക്ഷ്യഭദ്രത അല്ലെങ്കിൽ സാർവ്വത്രിക പൊതുവിതരണം എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു അടിസ്ഥാനപരമായ ഒരു നവോത്ഥാന ആശയമാണ്. 5 വയസ്സിനു താഴെ 40% കുട്ടികളും കേരളത്തിൽ അനീമിക് ആണെന്നത് 2031 ലെ പ്രധാനപ്പെട്ട വെല്ലുവിളിയാണ്. NFHS കണക്കുപ്രകാരം 15 മുതൽ 49 വയസ്സിനു ഇടയിലുള്ള സ്ത്രീകൾക്ക് obesity 32% ൽ നിന്നും 38% ലേയ്ക്ക് വർദ്ധിച്ചിരിക്കുന്നു എന്നും 45% മുതൽ 48% വരെയുള്ള സ്ത്രീകൾക്ക് Balance Diet കിട്ടണം എന്നും അഭിപ്രായപ്പെട്ടു.

**പാനൽ ചർച്ച**

ഉച്ചയ്ക്ക് 2.00 മണി മുതൽ കനകക്കുന്ന് കൊട്ടാരം ആഡിറ്റോറിയത്തിൽ, ഭക്ഷ്യ ഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേയ്ക്ക്, ഉപഭോക്തൃ മേഖല ചൂഷണ മുക്തം സംതൃപ്തം എന്നീ വിഷയങ്ങളെ സംബന്ധിച്ച പാനൽ ചർച്ച നടന്നു.

1. <u>**ഭക്ഷ്യഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേയ്ക്ക്**</u>

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാൻ ഡോ ജിനു സഖറിയ ഉമ്മൻ മോഡറേറ്ററായി ഭക്ഷ്യഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേയ്ക്ക് എന്ന വിഷയത്തിൽ ശ്രീ.പി.വേണുഗോപാൽ IAS (Rtd) ആസൂത്രണ ബോർഡ് അംഗം ശ്രീ ആർ. രാംകുമാർ എന്നിവർ സംസാരിച്ചു.

പാനൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാനപ്പെട്ട ആശയങ്ങൾ

- ഭക്ഷ്യഭദ്രതയിൽ ഗ്ലോബൽ ഫിനാൻസ് സെക്യൂരിറ്റി ഇൻഡക്സ് അനുസരിച്ച് ഇന്ത്യയുടെ സ്ഥാനം 68 -ാമതാണ്. 113 രാജ്യങ്ങളിൽ ഗ്ലോബൽ ഹംഗർ ഇൻഡക്സ് അനുസരിച്ച് ഇന്ത്യയുടെ സ്ഥാനം 103 -ാമതുമാണ്. 123 രാജ്യങ്ങളെടുത്താൽ രാജ്യം ഇപ്പോൾ 84 കോടിയിലധികം ആളുകൾക്ക് സൗജന്യ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്ന സാഹചര്യമാണ് ഉള്ളത്.
- കോവിഡ്-19ന്റെ സമയത്ത് 85 ലക്ഷത്തോളം കുടുംബങ്ങളിൽ അവശ്യസാധനങ്ങളടങ്ങിയ ഭക്ഷണ വസ്തുക്കൾ എത്തിക്കുവാൻ സർക്കാരിനു കഴിഞ്ഞു.
- National Family Health Survey 5th പ്രകാരം കേരളത്തിൽ ജനിക്കുന്ന കുട്ടികളിൽ 23% പൊക്കക്കുറവുള്ളതും 5 വയസ്സ് വരെയുള്ള 16% കുട്ടികൾ ശോഷണമുള്ളവരും, 19.7% തൂക്കക്കുറവുള്ളവരും, 15-49 വയസ്സുവരെയുള്ള സ്ത്രീകളിൽ 36% അനീമിക്കുമാണ്.
- Food Security എന്നാൽ Availability – Accessibility Stability – Utilization – Diet ന്റെ diversity അറിയണം.
- WHO യുടെ കണക്കനുസരിച്ച് Nutritious Security യ്ക്കായി 3 dollar/head എന്ന നിരക്കിൽ ഭക്ഷണത്തിനായി ചെലവാക്കണം.
- സ്റ്റോറേജിനാവശ്യമായ Scientific Godowns എല്ലാ ജില്ലകൾക്കും ഒന്ന് വീതം ആവശ്യമാണ്.
- സാങ്കേതികവിദ്യയിലൂടെ Storage loss കുറയ്ക്കാൻ കഴിയണം
- 1970-1980കളിൽ കേരളത്തിലെ പ്രതിശീർഷ കലോറി ഉപഭോഗം, പ്രോട്ടീൻ, കൊഴുപ്പ് ഉപഭോഗം എന്നിവ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മോശമായിരുന്നു. ഇതേ കാലഘട്ടത്തിലാണ് കേരളം ലോകപ്രശസ്തമാവുകയും കേരള മോഡൽ എന്നറിയപ്പെട്ടുകയും

ചെയ്തത്.

- **പ്രതിശീർഷ കലോറി ഉപഭോഗം**

| Year | Kerala Rural | India Rural | Kerala Urban | India Urban |
|---|---|---|---|---|
| 1972-73 | 1559 | 2266 | 1723 | 2107 |
| 1983 | 1884 | 2221 | 2049 | 2089 |
| 1993-94 | 1965 | 2153 | 1966 | 2071 |
| 99-00 | 1982 | 2149 | 1995 | 2156 |
| 04-05 | 2014 | 2047 | 1996 | 2020 |
| 09-10 | 2110 | 2147 | 2118 | 2123 |
| 11-12 | 2162 | 2233 | 2198 | 2206 |
| 22-23 | 2022 | 2233 | 2010 | 2250 |
| 23-24 | 2121 | 2212 | 2104 | 2240 |

ഗ്രാമീണ കേരളത്തിൽ കലോറി ഉപഭോഗത്തിൽ കഴിഞ്ഞ 30-40 വർഷത്തിനിടയ്ക്ക് ഇന്ത്യയിലെ കണക്കിനൊപ്പം എത്തിനിൽക്കാൻ ഇപ്പോൾ സാധിച്ചിട്ടുണ്ട്. പ്രതിശീർഷ കലോറി ഉപഭോഗം കൂടിയിട്ടുണ്ട്.

പ്രോട്ടീൻ ഉപഭോഗത്തിൽ കേരളം വിപ്ലവകരമായ മാറ്റം കൈവരിച്ചുവെന്നും രാജ്യശരാശരിയിൽ വളരെ ഉയരത്തിൽ നിൽക്കുന്നുവെന്നും, 70-80 കാലഘട്ടത്തിൽ ഇന്ത്യയിലെ നിരക്കിനേക്കാൾ വളരെ പിന്നിലായിരുന്ന കേരളമെന്നും എന്നാൽ ഇപ്പോൾ വളരെ ഉയരത്തിലാണുള്ളതെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

**പ്രോട്ടീൻ ഉപഭോഗം**

| Year | Kerala Rural(%) | India Rural(%) | Kerala Urban(%) | India Urban(%) |
|---|---|---|---|---|
| 72-73 | 38.0 | 62 | 44 | 56 |
| 83 | 47.0 | 62 | 51 | 57 |
| 93-94 | 50.8 | 60.2 | 52.40 | 57.20 |
| 99-00 | 52.4 | 59.10 | 55.20 | 58.20 |
| 04-05 | 55.4 | 57 | 56.70 | 57 |
| 09-10 | 59 | 59.30 | 59.90 | 58.80 |
| | | | | |

| | | | | |
|---|---|---|---|---|
| 11-12 | 61 | 60.7 | 62.7 | 60.30 |
| 22-23 | 71.50 | 61.9 | 69.80 | 63.20 |
| 23-24 | 73.9 | 61.80 | 72.40 | 63.40 |

Fat - കൊഴുപ്പിന്റെ ഉപഭോഗം 70-80 കളിലെ നിരക്കിനേക്കാൾ വളരെ കൂടുതലാണ്. നിലിവലെ കണക്കുകൾ ചുവടെ ചേർക്കുന്നു.

**Fat- ഉപഭോഗം**

| Year | Kerala Rural(%) | India Rural(%) | Kerala Urban(%) | India Urban(%) |
|---|---|---|---|---|
| 72-73 | 19 | 24 | 27 | 36 |
| 83 | 32 | 27 | 38 | 37 |
| 93-94 | 32.70 | 31.4 | 37 | 42 |
| 99-00 | 38.80 | 36.10 | 42.90 | 49.60 |
| 04-05 | 40.80 | 35.50 | 44.90 | 47.50 |
| 09-10 | 47.20 | 43.10 | 50.60 | 53.00 |
| 11-12 | 50.80 | 46.10 | 54.60 | 58.00 |
| 22-23 | 55.40 | 59.70 | 54.10 | 70.50 |
| 23-24 | 58.40 | 60.40 | 56.00 | 69.80 |

- കേരളത്തിൽ വരുമാനം കൂടുന്നതിനനുസരിച്ച് ഭക്ഷണത്തിനായി ചെലവഴിക്കുന്ന വിഹിതം കുറയുന്നു. വരുമാനം കൂടുതലായതിനാൽ ഇപ്പോൾ 41.4% ഭക്ഷണത്തിനായി ചെലവഴിക്കുന്നു. കേരളത്തിൽ 37.9% കലോറി ലഭിക്കുന്നത് ധാന്യങ്ങളിൽ നിന്നാണ്. 62.1% Non-cereals ൽ നിന്നും കേരളത്തിലെ ജനങ്ങൾക്ക് കലോറി ലഭിക്കുന്നു. മുട്ട, മീന്, ഇറച്ചി, പാൽ എന്നീ വിഭവങ്ങളാണ് കേരളത്തിലെ ജനങ്ങൾക്ക് കലോറി ലഭിക്കുന്ന പ്രധാനപ്പെട്ട കാരണങ്ങൾ. ആയതിനാൽ ഇറച്ചി, പാൽ, മുട്ട, മത്സ്യം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയണം.
- പൊതുവിതരണ സമ്പ്രദായം ഉപയോഗിച്ചുകൊണ്ട് കേരളീയർ കൂടുതലായി കഴിക്കുന്ന ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടുത്തി (പോഷകസമൃദ്ധമായ) വിതരണം നടത്താനാകുമോ എന്ന് പരിശോധിക്കണം

- പോഷകസമൃദ്ധമായ ഭക്ഷണമുൽപാദിപ്പിക്കുന്ന കമ്പനികളെ പ്രോത്സാഹിപ്പിക്കുക.
- Fatന്റെ ഉപയോഗം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.
- ഭക്ഷ്യ സുരക്ഷ നിയമത്തിൽ പോഷകാഹാരക്കുറവുള്ള ആദിവാസികൾക്ക് സാധനങ്ങൾ എത്തിക്കുവാൻ നിർദേശിക്കുന്നുണ്ട്. റേഷൻ കടകൾ വഴി പയർ, കടല, പരിപ്പ് എന്നിവ നൽകുന്നതിന് സംവിധാനവുമുണ്ട്. ദേശീയ ഭക്ഷ്യഭദ്രത നിയമം ശക്തവും കാര്യക്ഷമവുമായി നടത്തിയാൽ ആദിവാസി മേഖലയിലെ ഗുരുതരമായ ശിശുമരണം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.
- റേഷൻ കടകളെ മാവേലി സ്റ്റോർ രീതിയിലേക്ക് മാറ്റി പഞ്ചായത്ത് തല മാവേലി സ്റ്റോറുകളെ ഗോഡൗണുകളാക്കി മാറ്റി. ദേശീയ ഭക്ഷ്യഭദ്രത നിയമ പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ കൂടാതെ പയറു വർഗ്ഗങ്ങൾ, നവധാന്യങ്ങൾ മറ്റു അവശ്യ വസ്തുക്കളും (MPL products ഉൾപ്പെടെ) സബ്സിഡിയായി കൊടുക്കുന്ന കേന്ദ്രമാക്കി മാറ്റണം.
- Iron - fortified salt റേഷൻ ഷോപ്പുകൾ വഴി നൽകിയാൽ അനീമിയ തടയാൻ സാധിക്കും. അരിയോടൊപ്പം മില്ലറ്റുകൾ കൂടി റേഷൻ ഷോപ്പ് വഴി കൊടുത്താൽ carbo hydrate ന്റെ ക്ഷാമം നികത്തുവാൻ സാധിക്കും.
- ജൈവ നെൽകൃഷി വഴി ഉൽപാദിപ്പിക്കുന്ന നെല്ല് പായ്ക്കറ്റ് ആക്കി റേഷൻ കട വഴിയോ മാവേലി സ്റ്റോർ വഴിയോ വിതരണം ചെയ്യുന്നത് പരിഗണിക്കണം
- പച്ചക്കറികൾ, മരച്ചീനി എന്നിവ റേഷൻ ഷോപ്പ് വഴി ലഭ്യമാക്കണം.

## <u>ഉപഭോക്തൃ മേഖല ചൂഷണമുക്തം സംതൃപ്തം</u>

ഉപഭോക്തൃ മേഖല ചൂഷണമുക്തം സംതൃപ്തം എന്ന വിഷയത്തിൽ ശ്രീ. ജോസഫ് ജുങ്കുഴി Visiting Professor, Gulathi Institute of Finance & Taxation, അഡ്വ. ജി രവികുമാർ, അഡ്വ. സൂര്യ എന്നിവർ സംസാരിച്ചു.

പാനൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാനപ്പെട്ട ആശയങ്ങൾ

- കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ആയതിനാൽ ചൂഷണമുക്തമായ ഒരു ഉപഭോക്തൃമേഖല കെട്ടിപടുക്കേണ്ടതായിട്ടുണ്ട്.
- 2019ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ അക്റ്റിൽ ഉപഭോക്താക്കൾക്ക് അനുകൂലമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആയത് സ്വാഗതാർഹമാണ്.
- 2021ൽ എറണാകുളം ഉപഭോക്തൃ കോടതിയിൽ ഒരു വർഷം 631 കേസ് ഫയൽ ചെയ്തിരുന്നത് 2025ൽ 1832 കേസുകളാണ് ഫയൽ ചെയ്തിട്ടുള്ളത്. ഇത് സൂചിപ്പിക്കുന്നത് ഉപഭോക്താക്കൾ

കൂടുതൽ ബോധവാൻമാർ ആയിട്ടുണ്ടെന്നുള്ളതാണ്.

- ഉപഭോക്തൃ നിയമം അനുസരിച്ച് 6 മാസത്തിനുള്ളിൽ കേസ് തീർപ്പാക്കേണ്ടതുണ്ട്. എന്നാൽ കേസുകളുടെ എണ്ണം കൂടുന്നത് കാരണം തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആയതിന്റെ കാരണം 1986ലെ staff pattern ആണ് നിലവിലുള്ളത്. e-filing, staff pattern എന്നിവ പരിഷ്കരിച്ചാൽ ഉപഭോക്തൃമേഖല കൂടുതൽ സംതൃപ്തമാകും.
- ഉപഭോക്തൃ കോടതികളിലെ കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നു. ആയത് പരിഹരിക്കണം.
- പൊതുജന ബോധവൽക്കരണത്തിന്റെ അഭാവത്തിൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നില്ല. ഹെൽപ് ഡെസ്കിന്റെ അഭാവം പരിഹരിക്കണം. ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളുടെ കാര്യങ്ങളിൽ യാതൊരു നടപടിയും എടുക്കുന്നില്ലെന്നും, ആയതിൽ ബോധവത്ക്കരണം നടത്തണം.
- എല്ലാ ജില്ലകളിലും കേസുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും, കേസിന്റെ വർദ്ധനവിനനുസരിച്ച് ജീവനക്കാരുടെ എണ്ണം പരിഷ്കരിക്കണമെന്നും അഭിപ്രായപ്പെട്ടു.
- Orderകൾ execute ചെയ്യുന്നതിന് പോലീസിൽ പോലെ ഒരു enforcement wing വകുപ്പിൽ രൂപീകരിക്കണം.
- ഉപഭോക്തൃവിഭാഗത്തിനായി ഒരു പ്രത്യേക ഡയറക്ടേറ്റ് രൂപീകരിക്കണം
- പരിശീലനം സിദ്ധിച്ച ജീവനക്കാരെ നിയമിച്ച് ഓർഡറുകൾ execute ചെയ്യാനുള്ള സംവിധാനം നടപ്പാക്കണം.
- കൺസ്യൂമർ ക്ലബുകളുടെ പ്രവർത്തനം വിപുലീകരിക്കണം
- കൺസ്യൂമർ കോടതിയിൽ ഉപഭോക്താവ് നേരിട്ടാണ് കേസ് ഫയൽ ചെയ്യുന്നത്. എങ്ങനെയാണ് ഒരു കേസ് ഫയൽ ചെയ്യേണ്ടത് എന്നതിനെകുറിച്ച് ഒരു awareness ഇല്ല. ഇങ്ങനെ ഫയൽ ചെയ്യുമ്പോൾ ഉണ്ടാകുന്ന Technical defects പരിഹരിക്കുവാൻ തന്നെ മാസങ്ങൾ വേണ്ടി വരുന്നു.
- കേസ് ഫയൽ ചെയ്യുന്നതിന് നിശ്ചിത മാതൃക രൂപകൽപന ചെയ്യേണ്ടതുണ്ട്.
- Inter State Execution of Consumer orders മായി ബന്ധപ്പെട്ട് നിലവിലുള്ള നിയമത്തിൽ പോരായ്മകളുണ്ട്.
- സംസ്ഥാനതലത്തിലുള്ള ഒരു ഉപഭോക്തൃ സംരക്ഷണ നിയമം രൂപീകരിക്കുന്നതിനെ കുറിച്ച് സർക്കാർ ഗൗരവമായി ചിന്തിക്കണം.

പാനൽ ചർച്ചകൾക്ക് ശേഷം ചർച്ചകളിൽ ഉരുത്തിരുഞ്ഞ് വന്ന വിവിധ ആശയങ്ങളെയും

പ്രശ്നങ്ങളെയും കുറിച്ച് ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം മറുപടി പ്രസംഗം നടത്തി.

പൊതുവിതരണ രംഗം ഈ കാലഘട്ടത്തിന്റേതായ നിരവധി പ്രശ്നങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ഒരു കോടിയിലധികം അപേക്ഷകളാണ്/ആവശ്യങ്ങളാണ്/പരാതികളാണ് ഈ കാലയളവിൽ പൊതുവിതരണ മേഖലയുമായി ബന്ധപ്പെട്ട് നമ്മുടെ മുന്നിലെത്തിയത്. 99% പരാതികൾക്കും ആവശ്യങ്ങൾക്കും തീർപ്പ് കൽപ്പിച്ച് കഴിഞ്ഞു. ഓൺലൈൻ വഴി അപേക്ഷ നൽകുന്നത് വഴിയുള്ള കാലതാമസം ഒഴിവാക്കുവാൻ റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾ/അപേക്ഷകൾ നൽകാൻ റേഷൻ കടയിൽ തന്നെ പരാതി പെട്ടികൾ സ്ഥാപിച്ചു. ഇതിലൂടെ നിരവധി പരാതികൾ പരിഹരിച്ചു. നിലവിൽ അനർഹമായി മുൻഗണനാ കാർഡ് കൈവശം വച്ചിരുന്നവരിൽ നിന്നും ടി കാർഡ് പിൻവലിച്ച് അർഹരായ 6 ലക്ഷത്തിലധികം പേർക്ക് മുൻഗണനാ കാർഡ് നൽകി. വകുപ്പിലെ താഴെ തട്ടിലുള്ളവർ മുതൽ കമ്മീഷണർ വരെയുള്ള ജീവനക്കാരുടെ കഴിഞ്ഞ 4 ½ വർഷത്തെ പരിശ്രമത്തിലൂടെയാണ് ഇത് സാധ്യമായത്.

സപ്ലൈകോ ഔട്ട് ലെറ്റ് വഴി കിട്ടുന്ന പയർ, കടല മുതലായവയുടെ ഗുണമേൻമ നേരിട്ട് ബോധ്യപ്പെട്ടതിനെ തുടർന്ന് അയതിൽ ശ്രദ്ധാപൂർവ്വം ഇടപെട്ട് ക്വാളിറ്റി മെച്ചപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും, പ്രസ്തുത അവസ്ഥ മാറ്റിയെടുത്തിട്ടുമുണ്ട്.

14000 കടകളും കെ-സ്റ്റോർ ആക്കിമാറ്റണം എന്നാണ് കാണുന്നത് എങ്കിലും അതിനുള്ള സൗകര്യമുള്ള കടകളിൽ മാത്രമേ തുടങ്ങാൻ സാധിക്കുകയുള്ളൂ. സൗകര്യമുള്ള നാട്ടിൻ പുറങ്ങളിൽ അതിന്റെ സാധ്യത പരിശോധിച്ച് തുടങ്ങി ഘട്ടം ഘട്ടമായി എല്ലായിടത്തും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഉപഭോക്തൃകാര്യങ്ങളിൽ ചർച്ചയിൽ വന്ന എല്ലാ നിർദ്ദേശങ്ങളും രേഖപ്പെടുത്തി വിശദമായി പരിശോധിക്കുന്നതാണ്.

ഫീഡ്ബാക്ക് ഫോം മുഖേന ലഭ്യമായിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

- മലയോര പ്രദേശങ്ങളിലും ഗോത്രവർഗ്ഗ മേഖലകളിലും നിലവിലുള്ള പോഷകാഹാരക്കുറവ് നികത്തുന്നതിനായി പോഷകധാന്യങ്ങളും പാൽ, മുട്ട മുതലായവയും നൽകുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് തയ്യാറാക്കുകയും ജൈവപച്ചക്കറി ഉത്പാദനവും ശുദ്ധജല മത്സ്യകൃഷിയും പ്രോത്സാഹിപ്പിക്കുകയും സ്കൂൾതലത്തിൽ തന്നെ പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിഗണന

നൽകുകയും ചെയ്യണം.

- ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളിൽ നിന്നുള്ള ഉത്തരവുകളോ വിധിന്യായങ്ങളോ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൃത്യമായി എത്തുന്നതിനുള്ള സാധ്യതകൾ സ്വീകരിക്കുന്നതു വഴി സാധാരണക്കാർക്ക് പോലും ഉപഭോക്തൃ ചൂഷണത്തിനെതിരായി ബന്ധപ്പെട്ട ഫോറങ്ങളെ സമീപിക്കുന്നതിന് പ്രേരകമാകുന്നതാണ്.
- ഡയറക്ട് സെല്ലിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സാധാരണക്കാരായ ധാരാളം പ്രവർത്തകർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി ഡയറക്ട് സെല്ലിംഗ് എന്ന പേരിൽ പ്രവർത്തിക്കുന്ന വ്യാജ കമ്പനികളുടെ പ്രവർത്തന വൈകല്യമാണ്. ആയതുകൊണ്ട് ഡയറക്ട് സെല്ലിംഗ് മേഖലയിലെ സാധാരണക്കാരന് പ്രവർത്തന സുതാര്യത ഉറപ്പാക്കാനും നിയമപരിരക്ഷ ശക്തമാക്കാനും നടപടിയുണ്ടാകണം. നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ഡയറക്ട് സെല്ലിംഗ് കമ്പനികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം.
- സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളെ ജനങ്ങളുടെ സമഗ്ര ഉപഭോക്തൃ കേന്ദ്രങ്ങൾ ആക്കി മാറ്റി ഭക്ഷ്യഭദ്രതയും പോഷക ഭദ്രതയും ഉറപ്പുവരുത്തുക. കേന്ദ്രസ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾക്ക് പുറമെ എല്ലാ അവശ്യ / നിത്യോപയോഗ സാധനങ്ങളും പോഷക സംമ്പുഷ്ടമായ ഉൽപ്പന്നങ്ങളും കുടുംബശ്രീ/എം.എസ്.എം.ഇ ഉൽപ്പന്നങ്ങളും VFPCK വഴി പഴം/പച്ചക്കറികളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. വിതരണകേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങളും മറ്റ് അവശ്യസാധനങ്ങളും കേന്ദ്രീകൃത പർച്ചേസ് രീതിയിൽ വാങ്ങുകയും വിലക്കുറവിൽ വിൽപ്പന നടത്തുകയും ചെയ്യുക.
- FCI യിൽ നിന്നും ഓപ്പൺ മാർക്കറ്റ് സ്കീം അനുസരിച്ച് പച്ചരി, പുഴക്കലരി, ഗോതമ്പ് എന്നിവ വാങ്ങി റേഷൻ കടകളിലൂടെ/കെ-സ്റ്റോറുകളിലൂടെ വിൽപന നടത്തുന്നതിന് അനുമതി നൽകേണ്ടതാണ്.
- സബ്സിഡി നിരക്കിൽ കെ-റൈസ് 5, 10കി.ഗ്രാം ബാഗുകളിലാക്കി റേഷൻ ഡിപ്പോ വഴി വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കണം.

***<u>വിഷൻ 2031 മായി ബന്ധപ്പെട്ട് നടപ്പാക്കുവാൻ സാധിക്കുന്ന പുതിയ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ</u>***

***<u>പി.പി.പി മോഡൽ എൻ.എഫ്.എസ്.എ ഗോഡൗൺ</u>***

സംസ്ഥാനത്തെ 83 താലൂക്കുകളിൽ എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുവാൻ വകുപ്പ്

ലക്ഷ്യമിട്ടിരുന്നു. ആയതിന്റെ ഭാഗമായി നിലവിൽ 11 താലൂക്കുകളിൽ വകുപ്പിന് ഗോഡൗൺ നിർമ്മാണത്തിനായി സ്ഥലം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 72 താലൂക്കിലും നിശ്ചിത സ്ഥലത്ത് 50 സെന്റ് മുതൽ 01 എക്കർ വരെ വിസ്തീർണ്ണമുള്ള ഭൂമിയിൽ IS 16144:2014ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനപ്പെടുത്തി പി.പി.പി മാതൃകയിൽ ശാസ്ത്രീയ എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുവാനുള്ള താൽപ്പര്യപത്രം ക്ഷണിക്കാവുന്നതാണ്. പി.പി.പി മാതൃകയിൽ നിർമ്മിക്കുന്ന എൻ.എഫ്.എസ്.എ ഗോഡൗൺ വകുപ്പ് മുഖാന്തിരം വാടകയ്ക്ക് എടുക്കാവുന്നതാണ്. ഈ മാതൃകയിൽ എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുന്നതിന് താഴെപറയുന്ന ഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

1. 2014ലെ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്ന ഗോഡൗണുകളുടെ നിലവാരം സംബന്ധിച്ച് BIS പുറപ്പെടുവിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ താലൂക്കിലും സ്ഥാപിക്കേണ്ട ഭക്ഷ്യസംഭരണശാലകളുടെ മാതൃക (design) വകുപ്പ് തലത്തിൽ തയ്യാറാക്കുകയും, പ്രസ്തുത മാതൃകയുടെ അടിസ്ഥാനത്തിൽ താൽപ്പര്യമുള്ള സ്വകാര്യ വ്യക്തി / സ്ഥാപനങ്ങളിൽ നിന്നും ഗോഡൗണുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിക്കാവുന്നതാണ്.
2. ഓരോ താലൂക്കിലും ന്യായവിലക്കടകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തുന്നതിനാവശ്യമായ ഗോഡൗണുകൾ താലൂക്കിന്റെ എകദേശം മദ്ധ്യ ഭാഗത്ത് വരത്തക്ക രീതിയിൽ ഗോഡൗണിനാവശ്യമായ ലോക്കേഷനുകൾ കണ്ടെത്തുകയും അത്തരത്തിൽ കണ്ടെത്തുന്ന വില്ലേജുകളിൽ തന്നെ പി.പി.പി. മോഡലിൽ എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിച്ച് വകുപ്പിന് വാടകയ്ക്ക് നകുന്നതിനുള്ള താൽപ്പര്യപത്രമാണ് ക്ഷണിക്കേണ്ടത്.
3. 10 മുതൽ 15 വർഷം വരെയുള്ള കാലയളവിലേയ്ക്ക് ഗോഡൗണുകൾ ഒരു നിശ്ചിത നിരക്കിൽ വാടകയ്ക്ക് എടുക്കുമെന്നുള്ള ഒരു ഉറപ്പ് വകുപ്പ് നൽകേണ്ടതായിട്ടുണ്ട്. ഓരോ വർഷവും ഒരു നിശ്ചിത ശതമാനം വാടകയിലുള്ള വർദ്ധനവ് അനുവദിച്ച് നൽകാവുന്നതാണ്. കോൺട്രാക്ട് കാലയളവിലുള്ള ഗോഡൗണുകളുടെ അറ്റകുറ്റപണികൾ / മറ്റ് അവർത്തന ചെലവുകൾ എന്നിവ ഉടമസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
4. ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്ന പക്ഷം 02 വർഷത്തിനുള്ളിൽ തന്നെ എല്ലാ താലൂക്കിലും എൻ.എഫ്.എസ്.എ അവശ്യത്തിനായി ശാസ്ത്രീയഗോഡൗണുകൾ നിർമ്മിക്കുവാൻ സാധിക്കുന്നതാണ്.
5. ശാസ്ത്രീയ ഗോഡൗണുകളുടെ അഭാവം മൂലം നിലവിൽ ഭക്ഷ്യ ധാന്യങ്ങൾ കേട് വന്ന് നശിച്ച് പോകുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത് കൂടാതെ ജീവനക്കാർക്ക് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന സാഹചര്യവുമുണ്ട്.

6. നിലവിൽ വാടകയിനത്തിൽ ഗോഡൗണുകൾക്ക് നൽകിവരുന്ന തുകയ്ക്കുള്ളിൽ നിന്ന് കൊണ്ട് തന്നെ വെയിംഗ് ബ്രിഡ്ജ് ഉൾപ്പടെയുള്ള അത്യാധുനിക ഭക്ഷ്യധാന്യ സംഭരണശാല വകുപ്പിന് ലഭ്യമാകുന്നതാണ്.

## *Family Benefit Card (FBC)*

വിവിധ വകുപ്പുകളുടെ മേൽ നോട്ടത്തിൽ നിലവിൽ നടത്തിവരുന്ന വിവിധ പദ്ധതികൾ / ധനസഹായങ്ങൾ എന്നിവ എകീകരിച്ച് കൊണ്ട് ഒരു എകീകൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയിലേയ്ക്ക് കേന്ദ്ര സർക്കാർ പദ്ധതികളും സംയോജിപ്പിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന സപ്ലിമെന്റി ന്യൂട്രീഷണൽ അസിസ്റ്റന്റ് പ്രോഗ്രാം (SNAP) പോലുള്ള ഒരു പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നത് പരിഗണിക്കാവുന്നതാണ്. ആയതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിക്കാവുന്നതാണ്.

റേഷൻ കാർഡിനെ അടിസ്ഥാനപ്പെടുത്തി ചിപ്പ് ഘടിപ്പിച്ച ആധാർ അധിഷ്ഠിത ഇലക്ട്രോണിക്ക് Family Benefit Card (FBC) നൽകാവുന്നതാണ്. ഗുണഭോക്താക്കളായി കണ്ടെത്തുന്ന (AAY/PHH) കുടുംബങ്ങൾക്ക് ഒരു മാസം 5000/- രൂപ വരെയുള്ള പലചരക്ക് / പാലുൽപ്പന്നങ്ങൾ / പച്ചക്കറികൾ / ഫ്രൂട്ട്സ് എന്നിവ വാങ്ങാവുന്ന രീതിയിലുള്ള ക്രമീകരണങ്ങൾ ഒരുക്കാവുന്നതാണ്. ഇത്തരത്തിലുള്ള Family Benefit Card നൽകുന്നതിന് വേണ്ടി താഴെ പറയുന്ന ഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിലവിൽ സർക്കാർ നൽകി വരുന്ന വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ, സപ്ലൈകോ മുഖാന്തിരം നൽകുന്ന സബ്സിഡി സാധനങ്ങൾക്കുള്ള തുകകൾ, മറ്റ് ഗവൺമെന്റ് സ്കീമുകൾ വഴി നൽകുന്ന തുകകൾ എന്നിവ എകീകരിച്ച് കൊണ്ട് ഈ പദ്ധതിയ്ക്ക് വേണ്ടിയുള്ള തുക കണ്ടെത്താവുന്നതാണ്.
2. തുക നേരിട്ട് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് പകരമായി സർക്കാർ എംപാനൽ ചെയ്തിട്ടുള്ള ഡിപ്പാർട്ട്മെന്റ് സ്റ്റോർ / അംഗീകൃത സ്റ്റോർ / സൂപ്പർമാർക്കറ്റുകളിലൂടെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റാവുന്നതാണ്.
3. Family Benefit Card ഒരു ഡെബിറ്റ് കാർഡ് മാതൃകയിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.
4. ഓരോ സ്റ്റോറുകളും Family Benefit Card പ്രകാരം വിറ്റഴിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി തുക പ്രസ്തുത സ്റ്റോറുകൾക്ക് റീമ്പേഴ്സ് ചെയ്ത് നൽകാവുന്നതാണ്.
5. ഈ സ്കീമിന്റെ കീഴിൽ Family Benefit Card പ്രകാരം വാങ്ങാവുന്ന ഭക്ഷ്യവസ്തുക്കളുടെ ഇനം അതാത് സമയത്ത് / ഓരോ വർഷവും സർക്കാരിന് നിശ്ചയിക്കാവുന്നതാണ്. ഇങ്ങനെ വാങ്ങുന്ന ഭക്ഷ്യവസ്തുക്കളുടെ മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് സബ്സിഡിയായി

സർക്കാർ നൽകേണ്ടതില്ല. 50% വരെയുള്ള സബ്സിഡി തുക സർക്കാരിന് വഹിക്കാവുന്നതാണ്.

6. പി.ഡി.എസ്സ് സംവിധാനം അതേപടി നിലനിർത്താവുന്നതാണ്. ആയതിനാൽ തന്നെ അരിയും ആട്ടയും ഈ സ്കീം പ്രകാരം നൽകേണ്ടതില്ല.
7. Family Benefit Cardന്റെ കാലാവധി ആറ് മാസമോ ഒരു വർഷമോ മാത്രമായി പരിമിതപ്പെടുത്താവുന്നതാണ്.
8. Family Benefit Card ന് അർഹതപ്പെട്ടവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം സർക്കാരിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്ലാനിംഗ് ബോർഡ് / ഹെൽത്ത് ഡിപ്പാർട്ട്മെന്റ് / സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റ് / തദ്ദേശ്ശ സ്വയംഭരണ ഡിപ്പാർട്ട്മെന്റ് / എന്നിവയുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.
9. Family Benefit Card ന്റെ ട്രാൻസാക്ഷനുകൾ ആധാർ അധിഷ്ഠിതമാക്കാവുന്നതാണ്.

**കേരള സംസ്ഥാന ഉപഭോക്തൃ അവകാശ സംരക്ഷണ നിയമം (Kerela State Consumer Rights Protection Act)**

2019ൽ കേന്ദ്ര സർക്കാർ പുതിയ ഉപഭോക്തൃ സംരക്ഷണ നിയമം കൊണ്ട് വരികയുണ്ടായി. പ്രസ്തുത നിയമത്തിൽ Online Shopping, Misleading Advertisements, Product Liability Action എന്നീ ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. നിലവിലുള്ള നിയമ സംവിധാനത്തിൽ കൺസ്യൂമർ കമ്മീഷനുകളുടെ വിധികൾ നടപ്പിൽ വരുത്തുന്നതിന് കാലതാമസം നേരിടുന്നതായി കാണുന്നുണ്ട്. കൂടാതെ വ്യവഹാരസംബന്ധമായ നൂലാമാലകളും കാലതാമസവും ഒട്ടേറെ ഉപഭോക്താക്കളെ തങ്ങളുടെ അവകാശങ്ങൾക്കായി മുന്നോട്ടുവരുന്നതിൽ നിന്ന് തടയുന്നുണ്ട്. സർക്കാരിന്റെ ഒരു എക്സിക്യൂട്ടീവ് സംവിധാനത്തിലൂടെ ഉപഭോക്തൃ ചൂഷണങ്ങളിൽ ഇടപെടുന്നതിന് അന്വേഷിച്ച് ആവശ്യമായ സംവിധാനം നിലവിൽ വരേണ്ടത് അനിവാര്യമാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഒരു ഉപഭോക്തൃ അവകാശ നിയമം അനിവാര്യമാണ്. പ്രത്യേകിച്ച് ഉപഭോക്തൃ കാര്യങ്ങളിൽ ഏറെ മുന്നോട്ട് പോയിട്ടുള്ള രാജ്യങ്ങളിലൊക്കെ എക്സിക്യൂട്ടീവ് വഴി പരാതി അന്വേഷിച്ച് കുറ്റമുണ്ടെങ്കിൽ ഉടൻ പിഴ ചുമത്തുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇത് മൂലം ഉപഭോക്തൃ പരാതികൾക്ക് പെട്ടെന്ന് നടപടി ഉണ്ടാകുകയും ഇവിടങ്ങളിൽ ചൂഷണം ഉണ്ടാകുന്ന സാഹചര്യം പൊതുവേ കുറവുള്ളതായിട്ടുമാണ് കണ്ടുവരുന്നത്. ആയതിനാൽ ഉപഭോക്താവിന്റെ ഉത്തമ താൽപര്യം സംരക്ഷിക്കുന്നതിന് വേണ്ടി കൺസ്യൂമർ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥയും നിയമത്തിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

വിശ്വസ്തതയോടെ

ഒപ്പ്/-
പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ

അംഗീകാരത്തോടെ

റേഷനിംഗ് കൺട്രോളർ

Signed by
Jyothi Krishna B
Date: 10-12-2025 11:12:52